ആയിരിക്കണം. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ സർക്കാർ ഉത്തരവിനനുസരിച്ച് പരിമിതപ്പെടുത്തിയിട്ടുള്ള അക്ഷയ കേന്ദ്രങ്ങൾ ഇല്ലാത്തപക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപനം പ്രമേയം പാസ്സാക്കിയാൽ മുകളിൽ പ്രതിപാദിച്ചിരിക്കുന്ന നിരക്കിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കാവുന്നതാണ്.

കണ്ണൂർ സൈബർ പാർക്ക്

269 (614) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ എരമം-കുറ്റൂർ പഞ്ചായത്തിൽ ആരംഭിക്കുന്ന സൈബർ പാർക്ക് നിർമ്മാണ പുരോഗതി അറിയിക്കുമോ ;

(ബി) നബാർഡ് വായ്പ അനുവദിച്ചിട്ടും നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ എരമം-കുറ്റൂർ പഞ്ചായത്തിൽ ആരംഭിക്കുന്ന 25 ഏക്കർ ഭൂമിയിലെ സൈബർപാർക്കിന്റെ ചുറ്റുമതിൽ നിർമ്മാണം ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പാർക്കിലേക്കുള്ള അപ്രോച്ച് റോഡിന് ആവശ്യമുള്ള ഒരേക്കർ ഭൂമിയുടെ അക്വിസിഷൻ, കൈമാറ്റ നടപടി ഇനിയും പൂർത്തീകരിച്ചിട്ടില്ല. ഒരേക്കർ ഭൂമിയിൽ 80 സെന്റ് അക്വിസിഷനും ബാക്കി 20 സെന്റ് ഭൂമി കൈമാറ്റവുമാണ് നടക്കേണ്ടത്. അക്വിസിഷൻ, കൈമാറ്റ നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. അപ്രോച്ച് റോഡിന് ആവശ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സൈബർ പാർക്ക് ഭൂമിയിലെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതാണ്.

പുറക്കാട് ഐ.ടി. പാർക്ക്

270 (615) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുറക്കാട് ഐ.ടി. പാർക്ക് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഐ.ടി. പാർക്ക് എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ താലൂക്കിലെ പുറക്കാട് ഐ.ടി പാർക്ക് തുടങ്ങുന്നതിനായി വിവര സാങ്കേതിക വകപ്പിന് കൈമാറി ലഭിച്ച ഗാന്ധി സ്മൃതിവനം പദ്ധതിയിൽപ്പെടുന്ന 100 ഏക്കർ സ്ഥലത്ത് ഐ.ടി പാർക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. എന്നാൽ ബയോഡൈവേഴ്സിറ്റി ബോർഡ് എതിർപ്പ് പ്രകടിപ്പിച്ചതിന്റെ അടിസ്ഥാനത്തിലും ചതുപ്പു നിലമായതിനാലും പുതുതായി നിലവിൽവന്ന തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം പ്രസ്തുത പദ്ധതി തുടരുന്നത് നിയമവിധേയമല്ല എന്നതിനാലും ഈ പദ്ധതി തുടരുന്നത് പ്രായോഗികമല്ല എന്ന് തീരുമാനിച്ചിട്ടുണ്ട്.

സ്മാർട്ട് സിറ്റി

271 (616) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

.(എ) നിർദ്ദിഷ്ട സ്മാർട്ട് സിറ്റി പദ്ധതി പ്രദേശത്ത് നടന്നുവരുന്ന 6.5 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടത്തിൽ ഐ.ടി. സേവനങ്ങൾക്ക് എത്ര ശതമാനം സ്ഥലം ഉപയോഗിക്കുന്നുണ്ടെന്നും ഐ.ടി. അധിഷ്ഠിത സേവനങ്ങൾക്ക് എത്ര ശതമാനം സ്ഥലമാണ് വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(ബി) ഐ.ടി. അധിഷ്ഠിത വിഭാഗത്തിൽ ഉൾപ്പെടുന്ന വിഭാഗങ്ങൾ/ സേവനങ്ങൾ ഏതൊക്കെയെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ&ബി) നിർദ്ദിഷ്ട സ്മാർട്ട് സിറ്റി പദ്ധതി പ്രദേശത്ത് പണി നടന്നുവരുന്ന ആദ്യ ഐ.ടി കെട്ടിടത്തിൽ ഏകദേശം ആറ് ലക്ഷത്തി ഇരുപത്തിമൂന്നായിരം ചതുരശ്ര അടി സ്ഥലം (96%) ഐ.ടി./ഐ.ടി. അധിഷ്ഠിത സേവനങ്ങൾക്ക് മാറ്റിവച്ചിട്ടുണ്ട്. ഇതിൽ ഐ.ടി./ഐ.ടി. അധിഷ്ഠിത ഓഫീസുകൾ, കാർ പാർക്കിംഗ്, ട്രെയിനിംഗ് സെന്റർ, യൂട്ടിലിറ്റി ഏരിയ, കോമൺ ഏരിയ എന്നിവ ഉൾപ്പെടും.

LIBRARY ARCHIVES Kerala Legislative Assembly